"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ശക്തി പദ്ധതിയുടെ നടത്തിപ്പിനായി വാഹനം വാടകയ്ക്കെടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.100/2024/WCDD തീയതി,തിരുവനന്തപുരം, 12-03-2024

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 422/2022/വശിവിവ. തീയതി.10.11.2022.
2. സ.ഉ(സാധാ) നം. 562/2022/വശിവിവ. തീയതി.26.12.2022.
3. 07.03.2023 തീയതിയിലെ NHEW/2/2022-NHEW(103200) നമ്പർ കേന്ദ്ര സർക്കാർ കത്ത്.
4. സ.ഉ(സാധാ) നം.173/2023/വശിവിവ. തീയതി.10.04.2023.
5. വനിതശിശു വികസന ഡയറക്ടറുടെ 04.09.2023-ലെ DWCD/4699/2023-WEC4 നമ്പർ കത്ത്.

**ഉത്തരവ്**

സ്ത്രീ ശാക്തീകരണം, സുരക്ഷ എന്നിവ ഉറപ്പ് വരുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ശക്തി പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ മാർഗ്ഗനിർദേശം പുറപ്പെടുവിക്കുകയും അപ്രകാരം മിഷൻ ശക്തി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനു അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. സമ്പൽ, സമർദ്ധ്യ എന്നീ രണ്ടു സബ് സ്കീമുകൾ ഉൾപ്പെടുന്ന ടിസമഗ്ര പദ്ധതിയിൽ സമ്പൽ പദ്ധതിയിലൂടെ സ്ത്രീസുരക്ഷയും സംരക്ഷണവും ഉറപ്പ് വരുത്തുന്ന വൺസ്റ്റോപ്പ് സെന്റർ, വിമൺ ഹെൽപ് ലൈൻ, ബേഠി ബച്ചാവോ ബേഠി പഠാവോ, നാരി അദാലത്ത് എന്നീ പദ്ധതികളും, സമർദ്ധ്യ പദ്ധതിയിലൂടെ സ്ത്രീ ശാക്തീകരണം ലക്ഷ്യമിടുന്ന ശക്തി സദൻ, സഖി നിവാസ്, പ്രധാൻ മന്ത്രി മാതൃ വന്ദന യോജന, പൽന, ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ എന്നീ പദ്ധതികളും നടപ്പാക്കി വരുന്നു. അപ്രകാരം മിഷൻ ശക്തി പദ്ധതിയിലെ ഘടകമായ ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ നടപ്പാക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം

ഉത്തരവാകുകയും പരാമർശം (3) പ്രകാരം ടി പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര റിലീസ് ലഭിക്കുകയും ചെയ്തിരുന്നു. ആയത് പരാമർശം (4) പ്രകാരമുള്ള ഉത്തരവിന് വിധേയമായി കേന്ദ്ര വിഹിതം തുകയും, സംസ്ഥാന വിഹിതം ഉൾപ്പെടെ ടി പദ്ധതി നടപ്പാക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ ആരംഭിച്ചിട്ടുള്ള S N A അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

(2) ടി ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിൽ കേന്ദ്ര സർക്കാർ മാർഗനിർദേശത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിലും, ജില്ല തലത്തിൽ ഡിസ്ട്രിക്ട് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിലും വിവിധ തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിനും ഓഫീസ് ക്രമീകരണം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ടി സ്റ്റേറ്റ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിൽ ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങളിൽ തുക വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ മാർഗനിർദേശത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| Sl No. | Component | Maximum amount may be utilised per annum |
|---|---|---|
| 1 | PMU@ State Level (8 persons) | 28,20,000 |
| 2 | Administrative Cost @ 1 Lakh pm | 12,00,000 |
| 3 | Vocational Activities/Training and State Level/District level | 12,00,000 |
| 4 | Non-recurring every five year (Computer peripherals, Telephone, Fax, Internet, Furnishing for the ward & other rooms, CCTV camera & its installation etc.) | 7,00,000 |

അപ്രകാരം സ്റ്റേറ്റ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിൽ Administrative Cost ഇനത്തിൽ പ്രതിമാസം 1 ലക്ഷം രൂപ വരെ വിനിയോഗിക്കാൻ സാധിക്കുന്നതാണ് നിലവിൽ ടി Administrative Cost തുകയിൽ നിന്നും ഓഫീസ് സ്റ്റേഷണറി സാധനങ്ങൾ വാങ്ങുന്നതിനും, miscellaneous ഇനത്തിലും തുക വിനിയോഗിച്ച് വരുന്നു. അപ്രകാരമുള്ള ചെലവുകൾക്ക്

Administrative cost ഇനത്തിൽ പ്രതിമാസം 50,000/- രൂപയിൽ താഴെ ചെലവ് പ്രതീക്ഷിക്കുന്നതായും Administrative Cost ഇനത്തിൽ ബാക്കി വരാവുന്ന തുകയിൽ നിന്നും മിഷൻ ശക്തി പദ്ധതി നടത്തിപ്പ് ആവശ്യത്തിനായി ഒരു വാഹനം (കാർ) വാടകയ്ക്കെടുക്കാവുന്നതാണെന്നും ടി സാഹചര്യത്തിൽ സ്റ്റേറ്റ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിന്റെ ആവശ്യത്തിലേക്ക് ടി പദ്ധതി ഘടകമായ Administrative cost ഇനത്തിൽ നിന്നും, 1500/- കിലോമീറ്റർ ദൂരത്തിനു 35,000/- രൂപ വണ്ടി വാടക, ഡ്രൈവറുടെ ശമ്പളം, വാഹന മെയിന്റനൻസ് എന്നിവ ഉൾപ്പെടെ പ്രതിമാസ വാടക നിശ്ചയിച്ച് അധികരിക്കുന്ന ഓരോ കിലോമീറ്ററിനും, 15 രൂപ നിരക്ക് നിശ്ചയിച്ച് വാഹനം (കാർ) വാടകയ്ക്കെടുക്കുന്നതിനുള്ള അനുമതി നൽകുന്നതിനും ടി ആവശ്യത്തിനുള്ള തുക ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ പദ്ധതി നടപ്പാക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം എം.ജി റോഡിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ 0300101100000042 അക്കൗണ്ട് നമ്പരായി ആരംഭിച്ചിട്ടുള്ള (IFSC Code – PUNB0030010) PFMS SNA അക്കൗണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവാകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. Revised Budgetary norms പ്രകാരം, സ്റ്റേറ്റ് ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമണിന് Provision of vehicles/POL @ ₹ 4,50,000 per vehicle per State/UT (Annual Ceililng 4,50,000/-) അനുവദനീയമായതിനാൽ പ്രതിമാസം 1500 കിലോമീറ്ററിന് 35,000/-രൂപ നിരക്കിലും (വണ്ടി വാടക, ഡ്രൈവറുടെ ശമ്പളം, വാഹന മെയിന്റനൻസ് ഉൾപ്പെടെ) 1500 കിലോമീറ്ററിന് മുകളിലുള്ള ദൂരത്തിന് അനുവദിക്കുന്ന പരമാവധി വാടക കിലോമീറ്ററിന് 15 രൂപയിൽ അധികരിക്കരുത് എന്ന വ്യവസ്ഥയിലും ടി പദ്ധതിയുടെ ആവശ്യത്തിനായി വാഹനം വാടകയ്ക്കെടുക്കുന്നതിനും ടി ആവശ്യത്തിനുള്ള തുക ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ പദ്ധതി നടപ്പാക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം എം.ജി റോഡിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ 0300101100000042 അക്കൗണ്ട് നമ്പരായി ആരംഭിച്ചിട്ടുള്ള (IFSC Code – PUNB0030010) PFMS SNA അക്കൗണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.

സ.ഉ.(സാധാ) നം.100/2024/WCDD

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 13-03-2024 15:35:32
സെക്ഷൻ ഓഫീസർ